# ഗൗരി

ആറുമാസത്തെ ഇടവേളയ്ക്കുശേഷം അവർ പരസ്പരം കാണുകയായിരുന്നു. ഗൗരി ക്ഷീണിച്ചിട്ടുണ്ടെന്ന് അയാൾക്ക് തോന്നി. എന്നു മാത്രമല്ല ഗൗരിയെ കണ്ണടയോടുകൂടി കാണുന്നതും ആദ്യമായിട്ടായിരുന്നു. അയാൾ അവരെ പതുക്കെ ശരീരത്തോട് ചേർത്തുപിടിച്ച് ആർദ്രമായ സ്വരത്തിൽ ചോദിച്ചു:

"എന്തു പററി?"

ആദ്യം അവർ ഒന്നും പറഞ്ഞില്ല. പിന്നീട് നിർബ്ബന്ധപൂർവം ചോദിച്ചപ്പോൾ പറഞ്ഞു:

"ഈയിടെയായി ഒരുത്സാഹക്കുറവ് അനുഭവപ്പെടുന്നു. വായിക്കുമ്പോൾ തലവേദന വരും. എന്തെങ്കിലും കാര്യമായി ആലോചിക്കുമ്പോഴും വരും. ഡോക്ടറെ കണ്ടപ്പോൾ പറഞ്ഞത്, വിശേഷിച്ചൊന്നുമില്ല, കണ്ണട വയ്ക്കാത്തതുകൊണ്ടാണ് എന്നാണ്. അതുകൊണ്ട് ഇപ്പോൾ ഒരാഴ്ചയായി..."

പോർട്ടിക്കോവിൽ അവർ രണ്ടുപേർ മാത്രമേയുണ്ടായിരുന്നുള്ളൂ. നേരം പുലരാറായിരുന്നെങ്കിലും ഇരുട്ട് അകന്നിരുന്നില്ല. നേരിയ മഞ്ഞുമുണ്ടായിരുന്നു.

ഹോട്ടലിൽ എല്ലാവരും അപ്പോൾ രാവിലത്തെ സുഖകരമായ മയക്കത്തിലായിരുന്നു.

ശരീരമില്ലാത്ത രണ്ടാത്മാക്കളെപോലെ അവർ പരസ്പരം ചേർന്നു നിന്നു. അയാൾക്ക് അപ്പോൾ അവരോട് എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. പക്ഷേ, ഒരുതരം കുററബോധത്തിന് പൂർണമായും അടിപ്പെടുകയാൽ ഒന്നും പറയാൻ കഴിഞ്ഞില്ല.

"എന്തോ, എനിക്കൊന്നുമറിയില്ല." ഗൗരി പറഞ്ഞു: "ഈയിടെയായി കാലത്തെക്കുറിച്ച്, വയസ്സിനെക്കുറിച്ച് കൂടുതൽ കൂടുതൽ ബോധവതിയാകുന്നു... ചില രാത്രികളിൽ ഒററയ്ക്ക് ഞെട്ടിയുണർന്ന്..."

അയാളുടെ ഉള്ളിൽ പൊടുന്നനെ ഒരു കൊളുത്തിവലിയു

ണ്ടായി. ശരീരമാകെ വിറയ്ക്കുകയുംചെയ്തു. പക്ഷേ, തൻെറ ഭാവപ്പകർച്ച പുറത്തുകാണരുതെന്ന് അയാൾക്കുണ്ടായിരുന്നു. അയാൾ അവരുടെ കൈ അമർത്തിപ്പിടിച്ചു പറഞ്ഞു:

"ഇല്ല, ഇല്ല. നമ്മൾക്കൊരിക്കലും വയസ്സാവുകയില്ല."

അവർ അപ്പോൾ പുഞ്ചിരിക്കാൻ ശ്രമിച്ചു. എന്തോ പറയാനും അവർ ആരംഭിച്ചു. പക്ഷേ, പിന്നീട് ഒരു രണ്ടാം വിചാരത്തിലെന്ന പോലെ പറയാതിരിക്കയും ചെയ്തു.

അവർ രണ്ടുപേരും ചെറുപ്പക്കാരായിരുന്നില്ല എന്നത് ഒരു സത്യമായിരുന്നു. എന്നാൽ അവർ മധ്യവയസ്ക്കരുമായിരുന്നില്ല. രണ്ടിൻെറയും നടുവിലെവിടെയോ ആയിരുന്നു അവരുടെ പ്രായം. അയാൾക്ക് അവരെഅപേക്ഷിച്ച് വയസ്സ് അല്പം കൂടുതലായിരുന്നുവെങ്കിലും ഒരിക്കലും അത് തോന്നിച്ചിരുന്നില്ല.

വയസ്സിനെപ്പററി ഒരിക്കലും അവർ സംസാരിക്കാറുണ്ടായിരുന്നില്ല. അതുകൊണ്ട് ഇപ്പോൾ ആദ്യമായി അതു കേട്ടപ്പോൾ...

ഗൗരി പിന്നീട് പറഞ്ഞു:

"വെറുതെ നമ്മൾ എന്തൊക്കെയോ പറഞ്ഞ് സമയം കളഞ്ഞു. വരൂ, വേഗം നടക്കാം. അവിടെയെത്തുമ്പോൾ ഇന്ന് ഒരുപക്ഷേ...."

അയാൾ തിടുക്കത്തിൽ പറഞ്ഞു:

"ഇല്ല, ഇല്ല. എൻെറ കുട്ടി അവിടെയെത്തുന്നതിനുമുമ്പായി ഒരിക്കലും സൂര്യൻ ഉദിക്കില്ല; എനിക്ക് നല്ല ഉറപ്പുണ്ട്."

കടലിന് സമാന്തരമായിപോകുന്ന റോഡിലൂടെ അവർ നടന്നു. ഇതിനുമുമ്പും ഒന്നിലധികം തവണ അതിലൂടെ അവർ പോയിട്ടുണ്ടായിരുന്നു. എപ്പോഴും പുലർച്ചയ്ക്കുതന്നെ. എന്നിട്ട് കടലിലേക്ക് തള്ളി നില്ക്കുന്ന പാറയുടെ മുകളിൽ, സൂര്യൻ കടലിൽനിന്ന് ഉദിച്ചുയരുന്നതും കാത്ത്...

ഗോപാൽപൂരിനോട് എന്താണ് ഗൗരിക്ക് ഇത്ര വലിയ ഇഷ്ടം എന്ന് അയാൾക്ക് ഒരിക്കലും മനസ്സിലായിരുന്നില്ല. ഒന്നാലോചിച്ചാൽ അതിലും സുന്ദരമായ സ്ഥലങ്ങൾ അവർ വേറെ കണ്ടിരുന്നില്ലേ? അവിടങ്ങളിലൊക്കെ താമസിച്ചിരുന്നില്ലേ? മഹാബലേശ്വർ, പച്ച്മാറി, ഡാർജലിങ്, കന്യാകുമാരി... എന്നിട്ടും ഗൗരിക്ക് എന്നും ഇഷ്ടം ഗോപാൽപൂരിനോട് തന്നെയായിരുന്നു. ഒന്നുകിൽ ടൂറിസ്ററുകളുടെ ബഹളമാരംഭിക്കുന്നതിന് തൊട്ടുമുമ്പ്; അല്ലെങ്കിൽ സീസൺ കഴിഞ്ഞ ഉടനെ. അവിടത്തെ കടൽക്കരയിലൂടെ, ഗ്രാമത്തിലൂടെ പകലുകൾ നടന്നുനീക്കി, എല്ലാ പുലർച്ചകളിലും പാറക്കെട്ടിൽ ചെന്നിരുന്ന്...

അവിടത്തെ ഹോട്ടലിലെ ശാന്തമായ അന്തരീക്ഷത്തിൽ സമയത്തെക്കുറിച്ച് ഒരു ബോധവുമില്ലാതെ, ഒരു വേവലാതിയുമില്ലാതെ...

തണ്ടും വലയുമായി മീൻപിടിക്കാൻ പോകുന്ന ഏതാനും പേർ അവരെ മുറിച്ച് കടന്നുപോയി. അതൊഴിച്ചാൽ റോഡ് അപ്പോഴും വിജന

മായിരുന്നു. മഞ്ഞിൻെറ കട്ടി നിമിത്തം ഒന്നും വ്യക്തമായി കാണാമായിരുന്നില്ല. വഴിവിളക്കുകളാണെങ്കിൽ വെളിച്ചത്തിൻെറ നേരിയ ചീളുകൾ മാത്രമായിരുന്നു.

വിളക്കുകാലുകളുടെ ചുററും ശലഭങ്ങൾ നൃത്തം ചെയ്തുകൊണ്ടിരുന്നു.

അവർ രണ്ടുപേരും ഒന്നും സംസാരിക്കാതെ നടന്നു. എങ്കിലും അയാൾ ആലോചിക്കുന്നുണ്ടായിരുന്നു—

ആറുമാസംമുമ്പ് ഗൗരി എഴുതി. ഇത്തവണ ഖാട്മണ്ടുവിൽ ഒരാഴ്ച മാനേജ്മെൻറ് സെമിനാർ. ഞങ്ങളുടെ കമ്പനിയിലെ ടോപ് എക്സിക്യൂട്ടീവ്സ് മാത്രമേയുള്ളൂ; വെളിയിൽനിന്ന് ആരെയും വിളിക്കുന്നില്ല. ഇതിൻെറ നടത്തിപ്പിൻെറ പൂർണ ഉത്തരവാദിത്തം എനിക്കാണ്. ജനുവരി 7-ന് തീരും. അതുകഴിഞ്ഞ് ഒരാഴ്ച ലീവെടുത്ത് നേപ്പാളിൽതന്നെ കഴിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ വരില്ലേ? വരണം. അല്ലെങ്കിൽപ്പിന്നെ എന്തിനാ ഞാൻ....

നമുക്ക് രണ്ടുപേർക്കുംകൂടി.... ഒരിക്കൽ എന്നോട് അന്നപൂർണയുടെ താഴ്വരയിലുള്ള ഒരു തടാകത്തെയും തടാകത്തിൻെറ നടുവിലുള്ള ഏകാന്തമായ ഒരു ദ്വീപിനെയും കുറിച്ച് പറഞ്ഞിരുന്നില്ലേ? നമ്മൾ പരിചയപ്പെടുന്നതിനുമുമ്പ്, ഒരു തവണ, ആ ദ്വീപിലെ പഴയ ഒരു ഹോട്ടലിൽ ചെന്ന് ഏതാനും നാളുകൾ കഴിച്ചുകൂട്ടിയതിനെക്കുറിച്ച് പറയാറില്ലേ? എനിക്ക് ഇപ്പോൾ അവിടെ പോകാൻ, എൻെറ ഈ ലോകത്തെ പൂർണമായും മറന്ന് അങ്ങയുടെ കൂടെ ഏതാനും നാളുകൾ കഴിക്കാൻ ധൃതിയായിരിക്കുന്നു!

അയാൾ ഓർത്തു. എഴുത്തുകിട്ടിയ മുതൽ അയാൾക്കും ധൃതിയായിരുന്നല്ലോ!

വൈകുന്നേരം അവർ പശുപതിനാഥൻെറ ക്ഷേത്രത്തിലേക്കു പോയി. ഉച്ചയ്ക്കത്തെ ഫ്ളൈററിന് അയാൾ എത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. ഗൗരി ഒരു കൊച്ചുകുട്ടിയുടെ ആഹ്ളാദത്തോടും ഉത്സാഹത്തിമർപ്പോടുംകൂടി പറഞ്ഞു: "നമുക്ക് നടന്നിട്ട് പോകാം."

അതിനുമുമ്പും അവിടെ പോയിട്ടുള്ള അയാൾ പറഞ്ഞു:

"ക്ഷീണിക്കും; ഇത്തിരി ദൂരമുണ്ട്. വഴിയാണെങ്കിൽ ഒരു വൃത്തിയുമില്ലാത്ത..."

അപ്പോൾ ഗൗരി വീണ്ടു പറഞ്ഞു:

"അതു സാരമില്ല; ഞാൻ ക്ഷീണിച്ചാൽ എന്നെ നോക്കാൻ എൻെറ കൂടെ ഇപ്പോൾ..."

എന്നിട്ട് ഗൗരവം നടിച്ചുകൊണ്ട്, എന്നാൽ ഒരു കുസൃതിച്ചിരിയോടുകൂടി "ഇത്തവണ ദേവൻെറ മുമ്പിലെത്തുമ്പോൾ ഞാൻ സനാഥയായിരിക്കുമല്ലോ!"

അയാളോർത്തു: 'സനാഥ' എന്ന വാക്ക് ഗൗരി ഉച്ചരിച്ചപ്പോൾ

അവരുടെ ശബ്ദം തെല്ല് വിറച്ചിരുന്നില്ലേ? അവരുടെ ഭംഗിയേറിയ കണ്ണുകളിൽ പ്രതീക്ഷയുടെ തീനാളങ്ങൾ പടർന്നുകയറിയിരുന്നില്ലേ?

പക്ഷേ അപ്പോൾ അയാൾ...

സന്ധ്യയ്ക്കാണ് അവർ ക്ഷേത്രത്തിലെത്തിയത്. ക്ഷേത്രത്തിലെത്തിയപ്പോൾ ഗൗരി ദേവനെക്കുറിച്ചൊക്കെ മറന്നുപോയി! മടുപ്പോടെ ഗൗരി പറഞ്ഞു: "എന്തൊരു വൃത്തികേട്...!"

ക്ഷേത്രത്തിൻെറ പിറകിലെ വലിയ കൽക്കെട്ടിൽ ചരിച്ചുപണിത പടവുകളിലൂടെ അവർ 'ബാഗ്മതി'യുടെ കരയിലേക്ക് ഇറങ്ങിച്ചെന്നു. അകലെയുള്ള മലകളിൽനിന്ന് മണ്ണ് കുത്തിയിളക്കി ഉന്മാദിനിയെപ്പോലെ അലറിപ്പാഞ്ഞുവരുന്ന 'ബാഗ്മതി' അവിടെ അല്പം ശാന്തയായിരുന്നു. എങ്കിലും അവൾ ഇരുണ്ടുതന്നെ കാണപ്പെട്ടു.

'ബാഗ്മതി'യുടെ കരയിലെ ചിതകളിൽ ശവങ്ങളെരിയുന്നുണ്ടായിരുന്നു. മുക്കാലും കത്തിത്തീരാറായ ശവങ്ങൾ; കത്തി, പാതിയായ ശവങ്ങൾ; തീപിടിച്ചുതുടങ്ങിയ ശവങ്ങൾ; തങ്ങളുടെ ഊഴവും കാത്ത് നദിക്കരയിൽ വിറങ്ങലിച്ചു കിടന്ന ശവങ്ങൾ...

ആകാശം ഇരുണ്ട് കിടക്കുകയായിരുന്നു. വളരെ നേരിയ ഒരു ചാററൽമഴയുമുണ്ടായിരുന്നു. പക്ഷേ, അവർ അതൊന്നും അറിയാതെ ബാഗ്മതിയുടെ കരയിലെ ചിതകളിലേക്ക് നോക്കി മൂകരായിനിന്നു. ഒരു ഘട്ടത്തിൽ 'മതി; വാ പോകാം', എന്ന് അയാൾ പറഞ്ഞപ്പോൾ ഗൗരി സമ്മതിച്ചില്ല. ഗൗരി അയാളുടെ കൈ പിടിച്ചുനിർത്തി. ഗൗരി ഒന്നും പറയുന്നുണ്ടായിരുന്നില്ല. ഗൗരിയുടെ കണ്ണുകൾ പൂർണമായും ചിതകളിലായിരുന്നു.

ചിതകൾ ശബ്ദമുണ്ടാക്കിക്കൊണ്ട് എരിഞ്ഞു.

ഗൗരി മങ്ങിയ ഒരു ചിത്രത്തിലെന്നപോലെ സ്തബ്ധയായി.

പിറേറന്ന് കാലത്ത് അവർ വിമാനത്തിൽ 'പൊഖാറ'യിലേക്ക് പോയി. വയലുകളുടെ, വീടുകളുടെ, ബാഗ്മതിയുടെ മുകളിലൂടെയൊക്കെ അവരുടെ കൊച്ചുവിമാനം താണുപറന്നു. ഗൗരി വളരെ ആഹ്ളാദവതിയായിരുന്നു.

'പൊഖാറ'യിൽനിന്ന് അന്നപൂർണയുടെ തണലിലേക്ക് കാറിൽ. പിന്നീട് തടാകത്തിൻെറ മധ്യത്തിലുള്ള പഴയ ഹോട്ടലിൽ... ഹോട്ടൽ എന്നുവെച്ചാൽ ചെത്തിത്തേക്കാത്ത ഉരുളൻ കല്ലുകളും മിനുക്കാത്ത കാട്ടുതടിയുംകൊണ്ട് നിർമ്മിച്ച ഏതാനും കുടിലുകൾ. കുടിലുകളിൽ മുളകൊണ്ടും ചൂരൽകൊണ്ടും മടഞ്ഞെടുത്ത കട്ടിൽ, മേശ, കസേര....

ബാഹ്യലോകത്ത് ലഭിക്കുന്ന സൗകര്യം എന്നു പറയാൻ അവിടെ ആകെയുണ്ടായിരുന്നത് പൈപ്പുവെള്ളവും ഇലക്ട്രിസിററിയുമായിരുന്നു. പിന്നെ ടെലഫോണും...

ഏററവും സമാധാനം നിറഞ്ഞ ഏതാനും ദിവസങ്ങൾ...

കുടിലിലെ വരാന്തയിൽനിന്നുകാണുന്ന തടാകത്തിലെ ജലപ്പരപ്പ്; തടാകത്തിൻെറ അങ്ങേക്കരയിലുള്ള താഴ്‌വരകൾ; താഴ്‌വരകളിലെ കാട്ടുപൂക്കൾ... എല്ലാററിനുമുപരിയായി സദാ മഞ്ഞിൻെറ ശിരോവസ്ത്രമണിഞ്ഞുനില്ക്കുന്ന 'അന്നപൂർണ...'

ഗൗരി ആഹ്ലാദവതിയായിരുന്നു.

എങ്കിലും അയാളുടെ ഉള്ളിൽ മിക്കപ്പോഴും ഭയമുണ്ടായിരുന്നു. ബാഗ്മതിയുടെ കരയിൽ, കത്തിയെരിയുന്ന ചിതകൾക്കുമുമ്പിൽ, എല്ലാം മറന്ന് ഒരു ചിത്രത്തിലെന്നപോലെ സ്തബ്ധയായി നിന്ന ഗൗരിയുടെ രൂപം എത്ര ശ്രമിച്ചിട്ടും മനസ്സിൽനിന്ന് മാഞ്ഞുപോവുകയുണ്ടായില്ല...

പിന്നീട്, ഒഴിവുദിവസങ്ങൾ തീർന്നപ്പോൾ, രണ്ടുപേരും രണ്ടുവഴിക്ക് അവരുടേതായ ലോകങ്ങളിലേക്ക് പതിവുപോലെ മുഖംമൂടികളുമണിഞ്ഞ്...

തിരിച്ചെത്തിയ ഉടനെതന്നെ ഗൗരി എഴുതി: 'ഇന്നലെ യാത്രയുടെ ക്ഷീണം ഞാൻ അറിഞ്ഞതേയില്ല. എൻെറ ഒപ്പം ആരാണുണ്ടായിരുന്നതെന്നോ? പറയില്ല! എനിക്കറിയില്ല. ഞാനാകെ മാറിയിരിക്കുന്നു! ഈ സ്നേഹം മധുരമായ വേദനതന്നെ! അങ്ങ് ഒരിക്കലെഴുതിയില്ലേ, 'വേദനയോടുകൂടി സ്നേഹിക്കുന്നു' എന്ന്? എത്ര ശരി! ഞാൻ ഇപ്പോഴതറിയുന്നു... ധർമസങ്കടങ്ങളുടെ നടുവിലും പേരിടാനാവാത്ത ആഹ്ളാദം!

ഗോപാൽപൂരിലെ ആളൊഴിഞ്ഞ നിരത്തിലൂടെ ഗൗരിയെയും കൂട്ടിനടന്നപ്പോൾ അയാളും ആലോചിച്ചിരുന്നത് ധർമസങ്കടങ്ങളെക്കുറിച്ചുതന്നെയായിരുന്നു. ഗൗരിയുടേതു മാത്രമല്ല അയാളുടേതും.

ഒരു ഘട്ടത്തിൽ ഗൗരി ചോദിച്ചു:

"എന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്? ഒന്നും പറയാതെ..."

അയാൾ പെട്ടെന്ന് ഞെട്ടി. പിന്നീട് പതുക്കെ പറഞ്ഞു:

"ഇല്ല, ഒന്നുമില്ല."

അവർ ഒരു വിളക്കുകാലിൻെറ ചുവട്ടിലായിരുന്നു. ഗൗരി പൊടുന്നനെ അയാളെ പിടിച്ചുനിർത്തി. അയാളുടെ മുഖത്തേക്ക് ഉററുനോക്കിക്കൊണ്ട് ചോദിച്ചു:

"സത്യം പറയണം. എന്നോട് മടുപ്പ് തോന്നുന്നുണ്ടോ? ഇതൊന്നും വേണ്ടായിരുന്നു എന്ന്... എപ്പോഴെങ്കിലും..."

അയാൾ അമ്പരപ്പോടെ അവരെ നോക്കിയപ്പോൾ ഗൗരി തുടർന്നു: "ചിലപ്പോൾ ഞാൻ ഓർത്തുപോകുന്നു. പ്രത്യേകിച്ചും ഈയിടെയായി... എന്തുകൊണ്ടാണ് എന്നറിയില്ല. അങ്ങ് ഒരുതരത്തിലുള്ള സ്നേഹക്കുറവും ഒരിക്കലും എന്നോട് കാട്ടിയിട്ടില്ല. എങ്കിലും ഈയിടെയായി... ഞാൻ ഒരു ഭാരമാകുന്നുണ്ടോ എന്ന്... സ്നേഹത്തിൻെറ

കാണാക്കയങ്ങളിലേക്ക് അങ്ങയെ പിടിച്ചുകൊണ്ടുപോയത് ഞാനാ യിരുന്നല്ലോ. അങ്ങാണെങ്കിൽ ആദ്യമൊക്കെ ഒഴിഞ്ഞുമാറാൻ പരമാവധി ശ്രമിക്കുകയും ചെയ്തു. എന്നിട്ടും ഞാൻ... എനിക്കറിയാമാ യിരുന്നു അങ്ങയുടെ ഉള്ളിലും സ്നേഹമുണ്ടെന്ന്. എനിക്കാ സ്നേഹം വേണമായിരുന്നു. കൂടിയേ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് ഞാൻ എല്ലാം മറന്ന്..."

അയാൾ അവരെ വാചകം പൂർത്തിയാക്കാൻ അനുവദിക്കാതെ മാറോട് ചേർത്തുനിർത്തി. അയാൾക്ക് കരച്ചിൽവരുന്നുണ്ടായിരുന്നു. അവരുടെ നെറുകയിൽ ആർദ്രമായി ചുംബിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"അങ്ങനെയൊന്നും പറയല്ലേ! എനിക്കു സഹിക്കാൻ കഴി യില്ല..."

മുറിവേററ ഒരു പക്ഷിക്കുഞ്ഞ് അഭയം തേടാൻ ശ്രമിക്കുന്നതു പോലെ അവർ അയാളോട് ഒന്നുകൂടി ചേർന്നുനിന്നു. എന്നിട്ട്, ഒരു തേങ്ങലിൻെറ വക്കത്തോളമെത്തിക്കൊണ്ട്, തന്നോടെന്നപോലെ പറഞ്ഞു: "എൻെറ 'സുമി' എൻെറ 'സുമി' എൻെറ മകൾ! അവളെ കാണാൻ ഞാൻ ഒരു കള്ളിയെപ്പോലെ പാത്തും പതുങ്ങിയും ബോർഡിങ്ങിൽ ചെന്ന്..."

അവരെ സമാധാനിപ്പിക്കാൻ അയാളുടെ കൈയിൽ അപ്പോൾ വാക്കുകളുണ്ടായിരുന്നില്ല.

അവർ വീണ്ടും പറഞ്ഞു:

"ഡൈവോഴ്സും തരില്ലത്രെ! വേണമെങ്കിൽ ഞാൻ കോടതി യിൽ പോകട്ടെ എന്നാണ് പറയുന്നത്! ഇതുവരെയും എന്നെ ദ്രോഹി ച്ചതു പോരാതെ ഇനിയും.... വയ്യ... വയ്യ...."

അവർ രണ്ടുപേരും ഒന്നും പറയാൻ കഴിയാതെ അവിടെനിന്നു.

ഒടുവിൽ കുറെക്കഴിഞ്ഞപ്പോൾ, അയാൾ പതുക്കെ പറഞ്ഞു:

"വരൂ, സൂര്യനെ കാണാനല്ലേ നമ്മൾ എത്രയോ അകലെനിന്ന് ഇവിടെ... വളരെ കാലത്തുതന്നെ, എന്നിട്ട്...."

അവർ പുഞ്ചിരിക്കാൻ ശ്രമിച്ചു.

"ഞാനെന്തൊക്കെയോ പറഞ്ഞുപോയി. പറയാൻ പാടില്ലാത്ത തായിരുന്നു. പക്ഷേ, ഒരു നിമിഷം! മനസ്സിൻമേലുള്ള പിടി വിട്ടു പോയി...."

അയാൾ അവരെ തലോടിക്കൊണ്ട് പറഞ്ഞു:

"വരൂ, നമുക്ക് നടക്കാം."

നിരത്തിൽനിന്ന് കടൽക്കരയിലേക്കിറങ്ങി, ഇപ്പോൾ വളരെ അടുത്തതെങ്കിലും, രാവിലത്തെ മഞ്ഞിൽ നനഞ്ഞ് ധൂസരമായ ഒരു ചിത്രംപോലെ അവ്യക്തമായി മാത്രം കാണുന്ന പാറക്കൂട്ടങ്ങളുടെ നേർക്ക് നടക്കുമ്പോൾ അയാൾ തനിക്ക് വളരെ ഇഷ്ടമായ ഒരു പഴയ

കവിതയുടെ ഈരടികൾ പതുക്കെ ഉരുവിട്ടുകൊണ്ടിരുന്നു:

"ഒരു താരകയെ കണ്ട് രാവുമറന്നു
പുതമഴ കണ്ട് വരൾച്ച മറന്നു"

കടൽ ശാന്തമായിരുന്നു.

സൂര്യനുദിച്ചുയരുന്നതും കാത്ത് പാറക്കൂട്ടങ്ങളുടെ മുകളിൽ കടലിലേക്ക് നോക്കി അവർ ഇരുന്നു.

അവർ ഒന്നും സംസാരിച്ചിരുന്നില്ല.

മൗനത്തിൻെറ ഏതോ ഒരു ദുർബലഘട്ടത്തിൽ അയാൾ ചോദിച്ചു:

"ഞാൻ ഒരു കഥ പറഞ്ഞു തരട്ടെ? പറയണമെന്ന് പലപ്പോഴും വിചാരിച്ചതാണ്. പക്ഷേ കഴിഞ്ഞില്ല. ഇപ്പോൾ..."

ഗൗരി ശാന്തമായി പറഞ്ഞു:

"എനിക്ക് ഒരു കഥയും ഇതുവരെയും പറഞ്ഞുതന്നിരുന്നില്ലല്ലോ! ഞാനൊട്ടു ചോദിച്ചിരുന്നുമില്ല. എങ്കിലും എനിക്കാഗ്രഹമുണ്ട്, 'പറയൂ."

തെല്ലുനേരം ഓർമകളിലാണ്ടിരുന്ന ശേഷം അയാൾ പതുക്കെ പറയാൻ തുടങ്ങി:

"പണ്ട്, വളരെ പണ്ട്, ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അയാൾക്കറിയാവുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. പെൺകുട്ടി അയാളുടെ സ്നേഹിതൻെറ അനുജത്തിയായിരുന്നു. അതിനുപുറമേ അവർ രണ്ടു പേരുടെയും വീട്ടുകാരും പരിചയത്തിലായിരുന്നു... ഇതൊക്കെക്കൊണ്ട് ചെറുപ്പക്കാരനും പെൺകുട്ടിക്കും പരസ്പരം കാണാനും സംസാരിക്കാനുമൊന്നും ഒരു വിഷമവുമുണ്ടായിരുന്നില്ല.

പെൺകുട്ടി കാണാൻ വളരെ നല്ലതായിരുന്നു. എപ്പോഴും അവൾ വളരെ മൃദുവായേ സംസാരിച്ചിരുന്നുള്ളൂ. അവളുടെ വാക്കുകൾ ചെറുപ്പക്കാരന് അമൃതായിരുന്നു.

പെൺകുട്ടി അയാളെ ആത്മാർത്ഥമായിത്തന്നെ സ്നേഹിച്ചു. അയാളും അവളെ സ്നേഹിച്ചു.

ഒരു തവണ അയാളുടെ വീട്ടിൽവച്ച് ഒരു സംഭവമുണ്ടായി. അവർ രണ്ടുപേരും ആലിംഗനബദ്ധരായി അയാളുടെ മുറിയിൽ നില്ക്കുകയായിരുന്നു. അപ്പോൾ ആരോ അങ്ങോട്ട് വരുന്നുണ്ടെന്ന് വിചാരിച്ച് അയാൾ ബദ്ധപ്പാടോടെ അവളിൽനിന്ന് ഒഴിഞ്ഞുമാറി. അവളും അതുപോലെതന്നെ ചെയ്തു. ഈ വെപ്രാളത്തിൽ പെൺകുട്ടിയുടെ കുപ്പിവളകളിൽ ചിലത് തകരുകയും അവളുടെ മനോഹരമായ കൈത്തണ്ടയിൽ ചെറിയ ഒരു മുറിവ് ഉണ്ടാവുകയും ചെയ്തു.

സത്യത്തിൽ ആരും അപ്പോൾ ആ മുറിയിലേക്ക് വന്നിരുന്നില്ല. ഭയം നിമിത്തം അവർക്ക് അങ്ങനെ തോന്നിയതായിരുന്നു.

പെൺകുട്ടിയുടെ കൈത്തണ്ടയിൽനിന്ന് ചോര കിനിയുന്നുണ്ടായിരുന്നു.

അത് തുടച്ചു കളഞ്ഞതിനുശേഷം പൊട്ടിയ വളത്തുണ്ടുകളെടുത്ത് കൈയിൽ പിടിച്ച്, അപരാധബോധത്തോടെ ചെറുപ്പക്കാരൻ പറഞ്ഞു:

"ഞാൻ വേറെ വാങ്ങിത്തരാം."

അയാളെ ജീവിതം മുഴുവൻ പിൻതുടരുന്ന ഒരു നോട്ടം ആ പെൺകുട്ടി അപ്പോൾ നോക്കി.

അവൾ പറഞ്ഞു:

"വേറെ വാങ്ങിത്തരണ്ട. ഇത് എപ്പോഴും ഓർമയുണ്ടായാൽ മതി!"

ചെറുപ്പക്കാരൻ പിന്നീട് ഉന്നതവിദ്യാഭ്യാസത്തിനായി അന്യദിക്കിലേക്ക് പോയി.

ആയിടയ്ക്ക് അവർ ചുരുക്കമായേ കണ്ടിരുന്നുള്ളൂ. പെൺകുട്ടിയുടെ കുററംകൊണ്ടായിരുന്നില്ല. സത്യത്തിൽ അയാളായിരുന്നു ഒരു ഭീരുവിനെപ്പോലെ പെരുമാറിയത്.

പിന്നീട്, കാലാന്തരത്തിൽ പെൺകുട്ടി വിവാഹിതയാകുകയും ഒരമ്മയാവുകയും ചെയ്തു.

അവളെ കല്യാണം കഴിച്ചത് നല്ല ധനസ്ഥിതിയുള്ള ഒരു ബിസിനസ്സുകാരനായിരുന്നു.

പശ്ചാത്താപത്തിൻെറ മുള്ളുകൾ ഇടയ്ക്കൊക്കെ ചെറുപ്പക്കാരൻെറ മനസ്സിനെ കുത്തിനോവിക്കാറുണ്ടായിരുന്നെങ്കിലും 'അവൾ ഒരു നിവൃത്തിയുള്ള വീട്ടിലാണല്ലോ എത്തിയത്, നല്ല ഒരു ഭർത്താവിനെയാണല്ലോ അവൾക്ക് ലഭിച്ചത്, സംതൃപ്തമായ ഒരു കുടുംബജീവിതമാണല്ലോ അവൾ നയിക്കുന്നത്' എന്നൊക്കെ ഓർത്ത് അയാൾ അപ്പോഴൊക്കെ സ്വയം സമാധാനിച്ചു.

പക്ഷേ, അയാളുടെ സമാധാനത്തിനൊന്നും ഒരടിസ്ഥാനവുമുണ്ടായിരുന്നില്ല എന്നതായിരുന്നു സത്യം. പെൺകുട്ടിയുടെ ജീവിതം തികച്ചും ദുഃഖഭൂയിഷ്ഠമായിരുന്നു. അവിടെ താളപ്പിഴകളും ശ്രുതിഭംഗങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പിന്നീട്, അധികമൊന്നും വൈകാതെതന്നെ അവൾ രോഗബാധിതയാകുകയും മരിക്കുകയുംചെയ്തു.

മരിക്കുന്നതിനു മുമ്പ് ചെറുപ്പക്കാരൻ അവളെ ഒരിക്കൽ കണ്ടിരുന്നു.

അയാൾ ഒരു സ്നേഹിതനെ കാണാനായി പോവുകയായിരുന്നു. ആ വഴിക്ക് എവിടെയോ ആണ് പെൺകുട്ടി ഭർത്താവിൻെറ കൂടെ താമസിച്ചിരുന്നത് എന്ന് അയാൾക്ക് അറിയാമായിരുന്നു. അയാൾ പലതും ഓർത്ത് ഇടവഴിയിലൂടെ നടക്കുമ്പോൾ മുകളിലെ വളപ്പിൽനിന്ന് ഒരു ശബ്ദം കേട്ടു.

നോക്കിയപ്പോൾ മരം മറഞ്ഞുനില്ക്കുന്ന പെൺകുട്ടിയായി

രുന്നു. അയാളെത്തന്നെ നോക്കിക്കൊണ്ട്...

അയാൾ ഞെട്ടിത്തെറിച്ചുപോയി.

പെൺകുട്ടി വളരെ ക്ഷീണിച്ച്, ചോരയെല്ലാം പോയി, വിളറി...

ഒരു നൊടിയിടമാത്രമേ അവർ പരസ്പരം നോക്കിനിന്നുള്ളൂ.

എങ്കിലും ആ ചുരുങ്ങിയ സമയംകൊണ്ടുതന്നെ അവളുടെ കണ്ണുകളിൽ പഴയ സ്നേഹവും പ്രതീക്ഷയുമൊക്കെ വഴിഞ്ഞൊഴുകുന്നത്...

പക്ഷേ, അപ്പോഴും ചെറുപ്പക്കാരൻ ഒരു ഭീരുവിനെപ്പോലെ തന്നെ പെരുമാറി.

പിന്നീട് കൊല്ലങ്ങൾ കഴിയുംതോറും ഇതിന്റെയൊക്കെ ഓർമ വേട്ടനായ്ക്കളെപ്പോലെ അയാളെ പിന്തുടർന്നുകൊണ്ടിരുന്നു.

അതിനുശേഷം വളരെ കൊല്ലങ്ങൾ കഴിഞ്ഞിട്ട് ചെറുപ്പക്കാരൻ, അയാൾ അപ്പോൾ ഏതാണ്ടൊരു മധ്യവയസ്കനായിക്കഴിഞ്ഞിരുന്നു, പഴയ വഴികളിലൂടെ യാത്ര ചെയ്യുകയായിരുന്നു. അയാൾ അപ്പോൾ ദൂരെ എവിടെയൊ ഒരു വലിയ ഉദ്യോഗസ്ഥനൊക്കെ ആയിക്കഴിഞ്ഞിരുന്നു. അയാളുടെകൂടെ കാറിൽ അയാളുടെ ഏടത്തിയുമുണ്ടായിരുന്നു. കാർ ഒരു വളവിൽ സ്പീഡ് കുറച്ച് പതുക്കെ തിരിഞ്ഞപ്പോൾ ഒരു പെൺകുട്ടി അല്ല യുവതിയോ അവരെ കടന്നുപോയി.

അയാൾ ഞെട്ടി.

ഒരു നിമിഷനേരത്തേക്ക് അയാളുടെ ഹൃദയമിടിപ്പ് നിന്നതുപോലെയായി.

അയാൾ കടന്നുപോയ ആ പെൺകുട്ടിയെത്തന്നെ നോക്കിയിരുന്നപ്പോൾ, അവിശ്വസനീയമായ ഒരു കാഴ്ച കണ്ടിട്ടെന്നപോലെ നോക്കിയിരുന്നപ്പോൾ, ഏടത്തി പറഞ്ഞു:

"നീ അറിയില്ല, അത് നമ്മുടെ പഴയ...യുടെ മകളാണ്. വീട്ടിൽ വരാറുണ്ട്. പാവം കുട്ടി!"

അയാൾ ഞെട്ടി.

ഏടത്തി എന്തോ ഓർത്തിട്ടെന്നപോലെ ഒരു നിശ്വാസത്തോടെ വീണ്ടും പറഞ്ഞു:

"അവളുടെ അമ്മ..."

അയാൾ ഒന്നും പറയാൻ കഴിയാതെ കണ്ണടയൂരി ടവ്വൽകൊണ്ട് മുഖം തുടച്ചുകൊണ്ടിരുന്നു...

ടവ്വൽ നനയുന്നുണ്ടായിരുന്നു...

കഥ നിർത്തി അയാൾ മിണ്ടാതിരുന്നു.

ഗൗരിയും ഒന്നും പറയുന്നുണ്ടായിരുന്നില്ല. എങ്കിലും അവരുടെ കൈകൾ സ്നേഹപൂർവം അയാളെ...

ഗോപാൽപൂരിലെ കടലിനു മുകളിൽ അപ്പോഴും മേഘങ്ങളുണ്ടായിരുന്നു.

സൂര്യൻ മേഘങ്ങൾക്ക് പിറകിൽ ഒളിച്ചുകളിക്കുന്നതുപോലെ തോന്നി.

അവർ ക്ഷമയോടെ കാത്തിരുന്നു.

OO